പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2997

28.01.2014-ൽ മറുപടി നൽകേണ്ടത്

## 1964-ലെ ഭൂമി പതിവ് നിയമത്തിൽ ഭേദഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകപ്പ് മന്ത്രി) |
| (എ) 1964-ലെ ഭൂമി പതിവ് നിയമത്തിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാം ഉദ്ദേശ്യങ്ങളോടു കൂടിയാണ് ഭേദഗതികൾ വരുത്തുന്നതെന്ന് വിശദമാക്കുമോ ; | (ബി) 1964- ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5,8 എന്നിവയിൽ യഥാക്രമം 2005- ലും 2009- ലും കൊണ്ടു വന്ന ഭേദഗതികൾ റദ്ദു ചെയ്ത് പൂർവ്വ സ്ഥിതി പുന:സ്ഥാപിക്കുന്ന തരത്തിലുള്ള ഭേദഗതികളാണ് ഉദ്ദേശിക്കുന്നത്. |
| (സി) പ്രസ്തുത ഭേദഗതിയിലൂടെ നാലേക്കർ ഭൂമിക്കുവരെ പട്ടയം ലഭിക്കാനർഹതയുള്ളതായി കണക്കാക്കപ്പെട്ടവർ എത്രയാണ്; ജില്ല തിരിച്ചുകണക്ക് വ്യക്തമാക്കുമോ; | (സി), (ഡി) & (ഇ) 1964- ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ നിർദ്ദിഷ്ട ഭേദഗതികൾ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞാൽ മാത്രമേ ഇക്കാര്യങ്ങൾക്ക് വ്യക്തത വരുകയുള്ളൂ. |
| (ഡി) പട്ടയമായി ലഭിച്ച ഭൂമി 25 വർഷം കഴിഞ്ഞേ വിൽക്കാവൂ എന്ന വ്യവസ്ഥ മാറ്റിയതോടുകൂടി സ്വന്തമായി വീട് വെച്ചിട്ടുള്ള എത്ര കുടുംബങ്ങൾക്ക് വീട് വില്പന നടത്താൻ സാധിക്കുമെന്ന് വിശദമാക്കാമോ; | |
| (ഇ) നിർദ്ദിഷ്ട ഭേദഗതിയിലൂടെ ഇല്ലാതാവുന്ന വ്യവസ്ഥകൾ എന്തെല്ലാമാണ്; നേരത്തെ പ്രസ്തുത വ്യവസ്ഥകൾ ഏർപ്പെടുത്താനിടയായ സാഹചര്യം എന്തായിരുന്നു; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ